## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3478 08.11.2019 ൽ മറുപടിക്ക്

### എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനം

**ചോദ്യം**

**ശ്രീ.ഡി.കെ. മുരളി**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**
**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക, അനദ്ധ്യാപക നിയമനം നടത്തുന്നത് എങ്ങനെയാണ്; ഇതിന് പ്രത്യേക മാനദണ്ഡമുണ്ടോ; ഇതിനായി യോഗ്യതാ പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ നടത്താറുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകൾ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കും പ്രകാരം പത്രപരസ്യം നൽകി അപേക്ഷ സ്വീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളെ, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടും ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റും പ്രകാരം രൂപീകരിക്കുന്ന സെലക്ഷൻ കമ്മറ്റി ഇന്റർവ്യൂ ചെയ്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മാനേജ്മെന്റുകൾ നിയമനം നടത്തുന്നു. |
| (ബി) | എയ്ഡഡ് കോളേജുകളിൽ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കും പ്രകാരമുള്ള സംവരണം പാലിക്കുന്നുണ്ട്. |
| (സി) | എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് എന്തെങ്കിലും കോടതി കേസുകളോ വിധികളോ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിലെ പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ച് എസ് എൽ പി നമ്പർ 9975-9979 /2018 ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

Rakesh

സെക്ഷൻ ഓഫീസർ